





1. ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ വിജയികളായ ഹോംറൺ അക്കാദമി കോട്ടായി 2. വനിത വിഭാഗത്തിൽ വിജയികളായ ബേസ്ബാളേഴ്സ് ക്ലബ് കൊടുവായൂർ

# ബേസ്ബാൾ ചാമ്പ്യൻഷിപ് സമാപിച്ചു

**അകലൂർ:** അകലൂർ മൗണ്ട് സീന കോളജിൽ നടന്ന പതിനൊന്നാമത് ജില്ല ബേസ്ബാൾ ചാമ്പ്യൻഷിപ്പിൽ സീനിയർ ബേസ്ബാൾ പുരുഷവിഭാഗത്തിൽ ഹോംറൺ അക്കാദമി കോട്ടായിയും വനിത വിഭാഗത്തിൽ ബേസ്ബാളേഴ്സ് ക്ലബ് കൊടുവായൂരും ജേതാക്കളായി.

പുരുഷ വിഭാഗത്തിൽ യുവധാര ആർട്സ് സ്പോർട്സ് ക്ലബ് കൊടുവായൂർ, കെ.സി.പി ബേസ്ബാളേഴ്സ് ക്ലബ് കാവശ്ശേരി എന്നിവരും വനിത വിഭാഗത്തിൽ ഹോംറൺ അക്കാദമി കോട്ടായി, കെ.സി.പി ബേസ്ബാളേഴ്സ് ക്ലബ് കാവശ്ശേരി എന്നിവരും രണ്ടും മൂന്നു സ്ഥാനങ്ങൾ കരസ്ഥമാക്കി.

ചടങ്ങിൽ സ്റ്റേറ്റ് നോമിനി സുഹൈബ് അസീസ്, ജില്ല ട്രഷറർ സാദിഖ്, വൈസ് പ്രസിഡന്റ് ജിജി, ജില്ല സെക്രട്ടറി രാഹുൽ കൃഷ്ണ എന്നിവർ സംസാരിച്ചു.